# CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE

**P.B. No. 71, KOTTAYAM - 686 001, KERALA, INDIA.**

Web www.cefakottayam.webnode.com E-mail: cefak2011@gmail.com


പ്രിയ സഹോദരങ്ങളെ,

**ഈശോ മിശിഹായ്ക്ക് സ്തുതി ഉണ്ടായിരിക്കട്ടെ**

പെസഹാവ്യാഴം സ്തോത്രക്കാഴ്ചയിലൂടെ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് ഒരു തുടർ പദ്ധതിയായി നാം മുൻപോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. 2015 ൽ 34 ലക്ഷം രൂപയും 2016 ൽ 55 ലക്ഷം രൂപയും 2017 ൽ 48 ലക്ഷം രൂപയും ഇപ്രകാരം ഈ നിയോഗത്തിലേക്ക് നാം സമാഹരിച്ചു. സഹകരിച്ച നിങ്ങൾക്കോരോരുത്തർക്കും ഞാൻ സ്നേഹപൂർവ്വം നന്ദി പറയുന്നു. ഈ വർഷം പുതുതായി തെരഞ്ഞെടുത്ത 190 ഗുണഭോക്താക്കളുൾപ്പെടെ കഴിഞ്ഞ 7 വർഷം കൊണ്ട് അതിരൂപതയിലെ 1310 പേർക്ക് ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിന്റെ പ്രയോജനം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

കഴിഞ്ഞവർഷം ഒരു കോടി പതിനെട്ടുലക്ഷം രൂപ ഗുണഭോക്താക്കൾക്കായി നാം വിതരണം ചെയ്തു. ഈ വർഷവും ഇത്രയും തന്നെ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2011 ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ സഹായം ലഭിച്ച് ജോലിയിൽ പ്രവേശിച്ചവരിൽ പലരും ലഭിച്ച തുക മുഴുവനായോ ഗഡുക്കളായോ തിരികെ തരുന്നുണ്ട്. തിരിച്ചടവ് കൂടുതൽ കാര്യക്ഷമമാക്കുകയും അതോടൊപ്പം ഓരോ കുടുംബവും പെസഹാവ്യാഴാഴ്ചയോടനുബന്ധിച്ച് ഏറ്റവും കുറഞ്ഞത് ഒരു ദിവസത്തെ വരുമാനമെങ്കിലും തന്ന് സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ കൂടുതൽ ആളുകളിലേക്ക് പദ്ധതിയുടെ സഹായമെത്തിക്കുവാനും കാലോചിതമായി സഹായധനം വർദ്ധിപ്പിക്കുവാനും സാധിക്കും.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും ചൈതന്യത്തിൽ വലിയ നോമ്പിലൂടെ നാം മിശിഹായിലേക്ക് വളരുമ്പോൾ ഈ നിയോഗം നമ്മുടെ മനസ്സിലുണ്ടായിരിക്കട്ടെ. ഇവിടെ നിന്നും നൽകുന്ന പ്രത്യേക കവറിൽ നിങ്ങളുടെ സംഭാവനകൾ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് പണ്ടാരശ്ശേരിൽ

ചെയർമാൻ

CEFAK കേന്ദ്രകമ്മിറ്റി

കോട്ടയം

12-02-2018